
പുസ്തകം

ശിഹാബ് പൂക്കോട്ടൂർ

# ചെങ്ങറ: സമരമെഴുത്തിന്റെ മാനിഫെസ്റ്റോ

**വ്യവസ്ഥാപിതമായ അരികുവൽക്കരണത്തിനെതിരെയുള്ള പ്രക്ഷോഭങ്ങളാണ് കേരളത്തിൽ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നത്. ചേരികളുടെയും തുരുത്തുകളുടെയും രാഷ്ട്രീയ ഊർജം ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. അവ്യവസ്ഥാപിതമായ കലാപങ്ങളിൽ വ്യവസ്ഥാപിത സംഘടന കൈകോർക്കുക എന്ന ശരിയായ രാഷ്ട്രീയ പ്രവർത്തനമാണ് ഈ പുസ്തകം നിർവഹിക്കുന്നത്.**

**എങ്ങനെയാണ്** ജനാധിപത്യ ഭരണകൂടത്തിനു കീഴിൽ രണ്ടു തരം പൗരൻമാർ സൃഷ്ടിക്കപ്പെടുന്നത്? പൗരത്വത്തിന്റെ എല്ലാ ആനുകൂല്യങ്ങളും അനുഭവിക്കുന്നവരും, പൗരത്വത്തിന് അപേക്ഷ കൊടുത്ത് കാത്തിരിക്കുന്നവരുമായി രണ്ടു തരം വിഭാഗങ്ങൾ ഏത് ജനാധിപത്യരാഷ്ട്രത്തിന്റെയും പൊതുസ്വഭാവമാണ്. ഭരണകൂടത്തിന്റെ മുഴുവൻ വ്യവഹാരങ്ങളിൽ നിന്നും അകറ്റിനിർത്തപ്പെട്ട ജനതയുടെ സമ്പൂർണ്ണ പൗരത്വത്തിനുവേണ്ടിയുള്ള മാനിഫെസ്റ്റോയാണ് *ചെങ്ങറ ഐക്യദാർഢ്യ പുസ്തകം.* ടി. മുഹമ്മദ് വേളം എഡിറ്റ് ചെയ്ത് സോളിഡാരിറ്റി പ്രസിദ്ധീകരിച്ച ഈ പുസ്തകം ചേർത്തുവെക്കലുകൾ കൊണ്ട് ശ്രദ്ധേയമാണ്. ലോകത്തെ കിടപ്പാട സമരങ്ങൾക്ക് വേണ്ടിയാണ് ഈ പുസ്തകം സമർപ്പിച്ചിട്ടുള്ളത്. സമർപ്പണം തന്നെ അതിന്റെ രാഷ്ട്രീയ പ്രവർത്തനത്തെ കൃത്യമായി അടയാളപ്പെടുത്തുന്നുണ്ട്. ആദ്യഭാഗത്ത് മണ്ണില്ലാത്തവരുടെ താളങ്ങളും ജനങ്ങളുമാണ് കോർത്തിണക്കിയിട്ടുള്ളത്. സമരഭൂമിയിലെ ജീവതാനുഭവങ്ങളുടെ കൂടിക്കാഴ്ചകളിലൂടെയാണ് ഗ്രന്ഥം പുരോഗമിക്കുന്നത്. ജീവിതത്തിന്റെ തുടിപ്പുകൾ, കിതപ്പുകൾ, നിശ്വാസങ്ങൾ വളരെ സൂക്ഷ്മതയോടെ, എന്നാൽ അത്യന്തം പ്രകോപനപരമായി കുറിച്ചിട്ടുണ്ട്. ഭൂമിയെയും സമരത്തെയും കുറിച്ചുള്ള വിശദമായ വിശകലനങ്ങൾ പൗരസമൂഹത്തെയും പ്രതിക്കൂട്ടിൽ നിർത്തുന്നു. തീവ്രമായ രാഷ്ട്രീയ ഇടപെടലുകൾ തന്നെയാണ് ഈ ഗ്രന്ഥത്തിന്റെ കാമ്പും കാതലും. ഭൂസമരങ്ങളുടെ ചരിത്രമായി രേഖപ്പെടുത്താൻ പാകത്തിൽ ഇതിനെ ചിട്ടയായി ക്രമീകരിച്ചിരിക്കുന്നു. ചെങ്ങറ സമരവുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ, കത്തുകൾ, അധികാരികൾക്ക് നൽകിയ നിവേദനങ്ങൾ എന്നിവ അവസാന ഭാഗങ്ങളിൽ കോറിയിട്ടിട്ടുണ്ട്. കനിവ് മാത്രമല്ല കനലുകളും സത്യസന്ധമായ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഇന്ധനങ്ങളാണ് എന്ന് പ്രഖ്യാപിക്കുന്നിടത്ത് പുസ്തകത്തിന്റെ പ്രസക്തി വർധിക്കുന്നു.




**ചെങ്ങറ**
**ഐക്യദാർഢ്യ പുസ്തകം**
**എഡി: ടി. മുഹമ്മദ് വേളം**
പേജ് 228, വില 75.

സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ്
ഹിറാസെന്റർ, കോഴിക്കോട്.

മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളുടെ പിൻബലമില്ലാത്ത സംഘടിത ജന മുന്നേറ്റങ്ങളോടും നവസാമൂഹിക പ്രസ്ഥാനങ്ങളുടെ 'അവ്യവസ്ഥാപിത' സമര രീതികളോടും പുറംതിരിഞ്ഞു നിൽക്കാൻ സാമൂഹിക പ്രതിബദ്ധത യുള്ള പ്രക്ഷോഭകാരികൾക്ക് സാധ്യമല്ല എന്നതിന്റെ തുറന്ന പ്രഖ്യാപനമാണ് ഈ എഴുത്തുകുത്തുകൾ. ഭൂസമരത്തിന്റെ നേരും നെറിയും വരയും വരിയും രേഖ പ്പെടുത്തപ്പെടേണ്ടതുണ്ട്. മണ്ണും ചപ്പുച വറും തോണ്ടിമാറ്റി അഗാധതയിൽ മറഞ്ഞു കിടക്കുന്നതോ അല്ലെങ്കിൽ കുഴിച്ചുമൂടപ്പെട്ടതോ ആയ അധഃസ്ഥിത രുടെ ചരിത്രം ചികഞ്ഞെടുത്ത് അതിനെ വിശകലനം ചെയ്യാൻ തയാറാവേണ്ടതു ണ്ട്. ഇന്ത്യൻ ചരിത്രമെന്ന് പറയുന്നത്, ബ്രാഹ്മണ മതം രാഷ്ട്രീയാധികാര ത്തിനും മേൽക്കോയ്മക്കും വേണ്ടി നട ത്തിയ വിനാശകരമായ കടന്നുകയറ്റങ്ങ ളുടെതാണ്. പുരോഗമനം, ഇടതുപക്ഷം എന്ന വ്യവഹാരങ്ങളിൽ ആരെയാണ് കൂടുതൽ കേന്ദ്രീകരിച്ചതെന്ന് നമുക്ക് ബോധ്യപ്പെടും. അധഃസ്ഥിതർ ഒരു കാലത്ത് ഇന്ത്യയിൽ പലയിടങ്ങളിലും സംഘടിതരും ശക്തരുമായിരുന്നു. ആ വർഗക്കാർ എന്നും അപരിഷ്കൃതരും അജ്ഞരും അടിമകളും പെറുക്കിത്തിന്നു ജീവിച്ചവരുമായിരുന്നുവെന്ന് ചരിത്ര ത്തിൽ കോറിയിട്ടത് മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളും ഇടതുപക്ഷ പുരോഗമന ചരി ത്രമെഴുത്തുകളുമാണ്. ഭൂമിയുടെ അധി കാരം വർഗ ഘടനയുടെ യുക്തികളി ലൂടെയല്ലാതെ ജാതിയുക്തികളിലൂടെ വിശകലനം ചെയ്യാൻ തയ്യാറാവാതിരു ന്നതു കൊണ്ടാണ് ഏറെ കൊട്ടിഘോ ഷിച്ച ഭൂപരിഷ്ക്കരണം വഞ്ചനയുടെ പര്യായമായിത്തീർന്നത്.

കമ്യൂണിസ്റ്റുകാരുടെ കേവലവർഗ സമീപനം സൃഷ്ടിച്ച മറ്റൊരു വിനയായി രുന്നു, മുതലാളിത്ത സംരംഭങ്ങളെന്ന നി ലക്ക് നേട്ടങ്ങളെയെല്ലാം ഭൂപരിഷ്ക്കരണ ത്തിൽ നിന്നും ഒഴിവാക്കിയത്. ജന്മിത്ത ബന്ധങ്ങൾ തകർക്കപ്പെടുമ്പോൾ പകരം വരുന്നത് മുതലാളിത്ത ബന്ധങ്ങളാണ്. മുതലാളിത്ത ബന്ധങ്ങൾ തകർക്കുന്നത് സോഷ്യലിസ്റ്റ് വിപ്ലവത്തിന് പാകമാവുന്ന ഘട്ടത്തിലാണ്. ജന്മിത്ത ബന്ധങ്ങൾക്കെ തിരായ ഭൂപരിഷ്ക്കരണത്തിന്റെ ഘട്ട ത്തിൽ മുതലാളിത്ത സംരംഭങ്ങളായ നേട്ട ങ്ങളെ ഒഴിവാക്കിയത് ആ അർഥത്തിൽ ന്യായം തന്നെയാണ്. പക്ഷേ കേരള ത്തിലെ സാഹചര്യത്തിൽ വലിയൊരു

**ഭൂവുടമസ്ഥതയിൽ നിന്നും ദലിതർ പുറത്താക്കപ്പെട്ടിരി ക്കുന്നു എന്നതുമാത്രമല്ല, ജാതിവിവേചനങ്ങളുടെ പുതിയ ഇടങ്ങളായി ദലിത രുടെ അധിവാസ കേന്ദ്രങ്ങൾ മാറ്റപ്പെട്ടിരിക്കുന്നുവെന്നതും വളരെ ഗൗരവപ്പെട്ട കാര്യമാ ണ്. കോളനികളാക്കി വെച്ചി രിക്കുകയാണ് ഇവരുടെ അധി വാസ കേന്ദ്രങ്ങൾ!**

വിഭാഗം ജന്മിമാർക്ക് തങ്ങളുടെ വൻതോ തിലുള്ള മിച്ചഭൂമി സംരക്ഷിക്കുന്നതി നുള്ള ഒരു ഉപാധിയായി ഈ ഒഴിവാ ക്കൽ മാറുകയുണ്ടായി (*ചെങ്ങറ ഐക്യ ദാർഢ്യ പുസ്തകം*: പേജ് 105). തൊഴി ലാളി വർഗത്തിന്റെ കൂട്ടായ്മകളെ സഹാ യിച്ചിരുന്ന അടിസ്ഥാന വർഗങ്ങളെ അതേ രീതിയിലല്ല വ്യവസ്ഥാപിത തൊഴി ലാളി വർഗങ്ങൾ പരിഗണിച്ചിരുന്നത്. ചരി ത്രപരമായ വിശകലന രീതികളിൽ മാത്ര മല്ല പ്രായോഗിക സമീപനങ്ങളിലും ദലിത് പിന്നാക്ക വിഭാഗങ്ങളോട് തൊട്ടുകൂടായ്മ സ്ഥാപിക്കാൻ അവർ ശ്രമിച്ചിട്ടുണ്ട്. നന്ദി ഗ്രാമും സിംഗൂരും ചെങ്ങറയും മൂലമ്പി ള്ളിയും മുക്കാൽസെന്റ് കോളനിയു മെല്ലാം ഇതിനുദാഹരണങ്ങളാണ്. ഭൂവുട മസ്ഥതയിൽ നിന്നും ദലിതർ പുറത്താ ക്കപ്പെട്ടിരിക്കുന്നു എന്നതുമാത്രമല്ല, ജാതിവിവേചനങ്ങളുടെ പുതിയ ഇടങ്ങ ളായി ദലിതരുടെ അധിവാസ കേന്ദ്രങ്ങൾ മാറ്റപ്പെട്ടിരിക്കുന്നുവെന്നതും വളരെ ഗൗര വപ്പെട്ട കാര്യമാണ്. കോളനികളാക്കി വെച്ചിരിക്കുകയാണ് ഇവരുടെ അധി വാസ കേന്ദ്രങ്ങൾ!

എഴായിരം കുടുംബങ്ങൾ ചെങ്ങറ യിൽ വർഷങ്ങളായി കൃഷിഭൂമിക്ക് വേണ്ടി യുള്ള സമരത്തിലാണ്. ഭൂരഹിത സമര ക്കാരെ ചെങ്ങറയിൽ കുടിവെള്ളവും ഭക്ഷണവും ഗതാഗതവും വിലക്കി ഉപ രോധിക്കുകയാണ് തൊഴിലാളി വർഗം.! അവരുടെ രാഷ്ട്രീയമായ ഒരിടപാടിനെ മതിൽ കെട്ടി കോളനികളാക്കി ചിത്രീക രിക്കാനാണ് വീണ്ടും ഇവിടത്തെ മധ്യവ ർഗസമൂഹം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. മാധ്യമങ്ങൾ എക്കാലവും മധ്യ-ഉന്നത- മധ്യവർഗ പ്രസ്ഥാനങ്ങളാണ്. ആ വർഗ ങ്ങളോടനുബന്ധിച്ച പരിഗണനകൾക്കും ആവശ്യങ്ങൾക്കും പുറത്തുകിടക്കുന്ന മേഖലകൾ മാധ്യമങ്ങളെ സംബന്ധിച്ചേ ടത്തോളം വിദൂരങ്ങളായ ഒരുതരം വാർത്താ വൃഷ്ടി പ്രദേശങ്ങൾ മാത്രമാ ണ്. ആദിവാസി ദലിത് പിന്നാക്ക മേഖല പ്രത്യേകിച്ചും മാധ്യമ ശ്രദ്ധയിൽ നിന്ന് തിരസ്ക്കരിക്കപ്പെടുന്നതിന്റെ കാരണങ്ങ ളിലൊന്ന് അവർ പത്രങ്ങളുടെ വരി ക്കാരോ ചാനൽ പ്രേക്ഷകരോ അല്ല എന്നതാണ്. അതിനാൽ ആ വൃഷ്ടി പ്രദേ ശത്തു നിന്ന് വല്ലപ്പോഴും ഒരു തുള്ളി വാർത്ത അല്ലെങ്കിൽ വിരസതയകറ്റാൻ ഒരു കദനകഥ മാത്രമാണ് മാധ്യമങ്ങൾ ശേഖരിച്ച് പോന്നത്. ശരാശരി മാധ്യമ പ്രവർത്തകന്റെ മധ്യവർഗ താൽപര്യ ങ്ങൾകൂടി ചേരുമ്പോൾ ഈ സമീപനം ഭീകരമായ തമസ്ക്കരണമായി മാറുന്നു.

ഭൂമി മൗലികവും പരിമിതവുമായ ഉൽപാദന ഘടകമാണ്. അതിന്റെ ഉടമ സ്ഥത ഉപജീവനത്തിന് ശക്തി പകരു ന്നു. അതീശശക്തികൾ നിയന്ത്രിക്കുന്ന ഭൂമി അധികാരത്തിന്റെ സ്രോതസ്സ് കൂടി യാണ്. ഭൂമിയുടെ മേലുള്ള അവകാശവും ഉൽപാദന വിതരണ ശൃംഖലയും പരമ്പ രാഗതമായി ജാതി വ്യവസ്ഥക്ക് അനുസൃ തമായാണ് കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത്. അതിനാൽ അവക്ക് വ്യവസ്ഥാപിത സ്വഭാവമുണ്ട്. ഭൂമിയുമായി ഇവർക്ക് അ ഭേദ്യബന്ധമുണ്ടെങ്കിലും ആ അവകാശം നിഷേധിക്കപ്പെട്ട് സ്വന്തം മണ്ണിൽ ഇവർക്ക് അന്യരായി കഴിയേണ്ടി വന്നു. ഇത്തരം വ്യവസ്ഥാപിതമായ അരികുവൽക്കരണ ത്തിനെതിരെയുള്ള പ്രക്ഷോഭങ്ങളാണ് കേരളത്തിൽ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന ത്. ചേരികളുടെയും തുരുത്തുകളുടെയും രാഷ്ട്രീയ ഊർജം ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. അവ്യവ സ്ഥാപിതമായ കലാപങ്ങളിൽ വ്യവസ്ഥാ പിത സംഘടന കൈകോർക്കുക എന്ന ശരിയായ രാഷ്ട്രീയ പ്രവർത്തനമാണ് ഈ പുസ്തകം നിർവഹിക്കുന്നത്. അത്ര സൂക്ഷ്മതയോടെയാണ് കവിതയും വിശ കലനവും ചരിത്രവും അഭിപ്രായങ്ങളും ഇതിൽ ചേർത്തു വെച്ചിട്ടുള്ളത്. ഇതിന്റെ ചരിത്രപരമായ അനിവാര്യത ഇതിന്റെ മുഴുവൻ പരിമിതികളെയും മറികടക്കുന്നു ണ്ട്. കേവല ഐക്യദാർഢ്യ പുസ്തക മെന്നതിലുപരി സമരമെഴുത്തിന്റെ ചരിത്ര പ്രക്രിയകളിൽ ഇത് അഭിമാനപൂർവം ഇട പെടുകയും ചെയ്യുന്നു. ഭാവിയിൽ വലിയ രാഷ്ട്രീയ മുന്നേറ്റങ്ങൾക്കും ഈ രേഖ ഒരു ആധാരമായിത്തീരും, തീർച്ച. ■

shihabciefl@gmail.com